**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3417** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യൂവുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇരമല്ലൂർ വില്ലേജുമായി സമാന സ്വഭാവം പുലർത്തുന്ന അതിർത്തി വില്ലേജുകളായ തൃക്കാരിയൂർ, കോതമംഗലം എന്നീ വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയെ അപേക്ഷിച് ഇരമല്ലൂർ വില്ലേജിലെ ന്യായവില ഉയർന്നതാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. അപ്രകാരം ഇരമല്ലൂർ വില്ലേജിലെ ഭൂമികളുടെ ന്യായവില പുനർനിർണ്ണയി യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ന്യായവില നിശ്ചയിച്ചതിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരം അപ്പീൽ സമർപ്പിയ്ക്കാവുന്നതുമാണ്. |
| (ബി) | ഫെയൽവാല്യൂ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ന്യായവില പുനർനിർണ്ണയവുമായി ബന്ധപെട്ട് 21/06/2024-ന എറണാകുളം ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില അടിയന്തര പ്രാധാന്യത്തോടെ പുനർനിശ്ചയിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ